# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1126.** **02-05-2017 ൽ മറുപടിയ്ക്ക്**

## കൃഷി ഉന്നതി യോജന പദ്ധതി

**ചോദ്യം**
ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) 2016-2017 വർഷം നെൽകൃഷി വികസനത്തിനും നാളികേര വികസനത്തിനും ജൈവകൃഷി വികസനത്തിനും വിള പരിപാലനത്തിനും കാർഷിക വിജ്ഞാന വ്യാപനത്തിനും ഹൈടെക് കൃഷിക്കും വിള ഇൻഷ്വറൻസിനും വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ; മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുന്ന പദ്ധതിക്ക് വകയിരുത്തിയ തുകയും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(എ) 2016-17 സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| | (രൂപ ലക്ഷത്തിൽ) | |
| നെൽകൃഷി വികസനം | 4368.07 | 4331.61 |
| നാളികേര വികസനം | 3931.82 | 3803.91 |
| ജൈവ കൃഷി വികസനം | 1015.98 | 1008.90 |
| വിള പരിപാലനം | 1417.00 | 1201.19 |
| കാർഷിക വിജ്ഞാന വ്യാപനം | 3748.78 | 3225.86 |
| ഹൈടെക് കൃഷി | 290.00 | 110.53 |
| വിള ഇൻഷ്വറൻസ് പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി - സംസ്ഥാന വിഹിതം) | 1012.09 | 1012.09 |
| വിള ഇൻഷ്വറൻസ് പദ്ധതി (റീസ്ട്രക്ചേർഡ്) | 1250.00 | 1250.00 |

| | | |
|---|---|---|
| മണ്ണിന്റെ ആരോഗ്യ പരിപാലനം | 2276.00 | 2215.15 |

(ബി) കൃഷി ഉന്നതി യോജന എന്ന പദ്ധതിയുടെ കീഴിൽ ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഓരോ പദ്ധതികളിലും വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം, കേന്ദ്രവിഹിതം ഇവ എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നും പ്രത്യേകം പ്രത്യേകമായി ക്രോഡീകരിച്ച് നൽകാമോ;

(ബി) അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (കേന്ദ്രാവിഷ്കൃത പദ്ധതി) യിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.

1.അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (60% CSS)- ആത്മ പദ്ധതി.

2.അമ്പ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന (60% CSS)

നാഷണൽ ഇ-ഗവേർണൻസ് പദ്ധതി.

ഹോർട്ടിക്കൾച്ചർ വിളകളുടെ സമഗ്ര വികസനം - മിഷൻ മാതൃകയിൽ

പരമ്പരാഗത കൃഷി വികാസ് യോജന

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.

രാഷ്ട്രീയ കൃഷി വികാസ് യോജന.

ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി.

കാർഷിക യന്ത്രവത്ക്കരണം.

സോയിൽ ഹെൽത്ത് കാർഡ്.

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന.

കൃഷി ഉന്നതി യോജന (അമ്പ്രല്ല സ്കീമിൽ) ആത്മ പദ്ധതി ഉൾപ്പെടെ വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| കേന്ദ്രവിഹിതം | 24897.395 | 15743.94255 |
| സംസ്ഥാന വിഹിതം | 15707.195 | 11939.15652 |

(സി) സർക്കാർ ഈ വർഷം ധനകാര്യവകുപ്പിന്റെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയാണ്; ഇല്ലെങ്കിൽ അതിനു കാരണം എന്താണ്; മെയ് മാസം മുതൽ പദ്ധതികൾ നടപ്പാക്കി തുടങ്ങേണ്ടതിനാൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിന്എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി) സർക്കാർ 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ കാർഷിക വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. നെൽകൃഷി വികസന പദ്ധതി.

2.പച്ചക്കറി കൃഷി വകസന പദ്ധതി.

3.പയർവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗ വിളകളുടേയും വികസനം.

4.മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനം.

മേൽ സൂചിപ്പിച്ച നാല് പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ ഘടകങ്ങൾക്ക് അനുവദിച്ച തുക (ലക്ഷം രൂപ) | സ.ഉ. നമ്പരും തീയതിയും |
|---|---|---|---|
| 1 | നെൽകൃഷി വികസനം | 5500.00 | സ.ഉ. (അച്ചടിച്ചത്) നം. 205/2017/ കൃഷി തീയതി 25/02/2017 |
| 2 | പച്ചക്കറി കൃഷി വകസനം | 5793.00 | |
| 3 | പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം | 200.00 | |
| 4 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനം | 2210.00 | |
| ആകെ | | 13703.00 | |

ഗ്രീൻബുക്കിൽ ഉൾപ്പെട്ട പദ്ധതികൾ ഏപ്രിൽ മാസം മുതൽ തന്നെ നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ